മിസ്റ്റർ കെ. എം. ഇബ്രാഹിം.—വല്ല final orders-ം അയച്ചു കഴിഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

Appointment of Peon in the Protector's Office.

254. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷക ഡിപ്പാർട്ട്മെണ്ടിൽ പ്രായപൂർത്തിയാകാത്ത പെൺജോലിയിൽ ഇരുന്ന ഒരാൾ വിദ്യാഭ്യാസത്തിനായിപ്പോകയാലുണ്ടായ ഒഴിവിൽ നിയമിച്ച ആൾ ഏതു സമുദായത്തിൽ പെട്ടവനാണ്?

രാമവർമ്മ തമ്പുരാൻ.—തീയസമുദായത്തിൽ പെട്ടവനാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ നിയമനം തീയസമുദായത്തിൽനിന്നു വച്ചിട്ടുള്ളതു്, ഗവർമ്മെൻറിൽനിന്നു പ്രത്യേകം അധികൃതർക്കു് ഉദ്യോഗം കൊടുക്കുന്നില്ലെന്നുള്ള കായ്ത്തിൽ ഗവർമ്മെൻറിനു് ഭേദഗതി ചെയ്യാമെന്നു പറഞ്ഞിരിക്കുന്നതിനു് തരമായോ?

രാമവർമ്മതമ്പുരാൻ.—ഏതുവിധത്തിലാണു് ആ appointment നടത്തിയതെന്നു നിശ്ചയമില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ ഉദ്യോഗത്തിനു് അധികൃതരിൽ നിന്നാരെങ്കിലും അപേക്ഷകരുണ്ടായിരുന്നോ?

രാമവർമ്മതമ്പുരാൻ.—അധികൃതരിൽനിന്നു് അപേക്ഷകന്മാരുണ്ടായിരുന്നോ എന്നുള്ളതിനെപ്പറ്റി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഈ കായ്ത്തിൽ നിഷ്കർഷയായിട്ടു് ഭേദഗതി ചെയ്യേണ്ടതു ചെയ്യുമോ?

രാമവർമ്മതമ്പുരാൻ.—ഭേദഗതി ചെയ്യാം.

മിസ്റ്റർ കെ. അയ്യപ്പൻ.—അപേക്ഷകന്മാർ ഇല്ലെങ്കിൽ ഉണ്ടോ എന്നു നിഷ്കർഷിച്ചു് നിയമിക്കുവാൻ ദയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—അതും ചെയ്യാം.

Kuzhur road through the Mala Valiaparamba—use by Depressed Classes.

255 മിസ്റ്റർ കെ പി. വള്ളോൻ.—(എ) മാള വലിയപറമ്പിൽകൂടി തെക്കോട്ടുള്ള കുഴൂർ റോഡിൽ കൂടി അവർണ്ണസമുദായക്കാർക്കു് ഗതാഗതം ചെയ്യാൻ വല്ല വിരോധവുമുണ്ടോ;

(ബി) ടി റോഡിൽകൂടി വണ്ടിയിൽ ചരക്കുകയറ്റി കൊണ്ടുപോയ ഒരു ഈഴവനെ പോലീസു പിടിച്ചു കൊണ്ടുപോയി ആക്ഷേപിക്കുവാനുള്ള കാരണമെന്തു്?

മിസ്റ്റർ പി. വി. രാഫേൽ.—(എ) മാള വലിയപറമ്പറോഡ് തെക്കോട്ടു തലക്കുളം വരെ പോകുന്നുണ്ടെങ്കിലും, കുഴൂർ ക്ഷേത്രത്തിനടുത്തുള്ള ഭാഗം ദേവസ്വം പുറമ്പോക്കായതുകൊ-

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു് ക്ഷേത്രനടയിൽകൂടി പുലയർ, പറയർ മുതലായ അവർണ്ണസമുദായക്കാരെ ഗതാഗതം ചെയ്‌വാൻ അനുവദിക്കുന്നില്ല. എന്നാൽ ഈഴവർ മുതലായവർക്കു പോകുവാൻ വിരോധമില്ല.

(ബി) ഒരു ഈഴവൻ വണ്ടിയിൽ ചാരം നിറച്ചു് ക്ഷേത്രത്തിന്റെ തെക്കെ ഭാഗത്തുള്ള ഒരു ചെറിയ തോടിന്മേൽ ഇട്ടിരിക്കുന്ന രണ്ടു കരിങ്കല്ലിന്മേൽകൂടി വണ്ടി കടത്തികൊണ്ടുപോയി. ഈ വിവരം പോലീസു് അറിഞ്ഞപ്പോൾ ഭാരവണ്ടികൾ ചെറിയ പാലത്തിന്മേൽകൂടി കൊണ്ടുപോകുന്നതു വളരെ അപകടമാണെന്നു് ഉപദേശിച്ചതല്ലാതെ പിടിച്ചു കൊണ്ടുപോയി. ആക്ഷേപിച്ചതായി അറിവില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പറയർ, പുലയർ തുടങ്ങിയുള്ള അധഃകൃതർക്കു് ഈ വഴിയിൽ കൂടി നടക്കുവാൻ പാടില്ലെന്നു് ഗവമ്മെൻറിൽനിന്നു് വല്ല നിശ്ചയവും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ഗവമ്മെൻറിൽനിന്നും നിശ്ചയമൊന്നും ചെയ്തിട്ടില്ല. ആ സ്ഥലം ദേവസ്വം പുറമ്പോക്കാണു്, അതുകൊണ്ടു് ഗവമ്മെൻറു് അതിനെപ്പറ്റി നോക്കാറില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—തീയർ മുതലായ സമുദായക്കാർ നടക്കുന്ന വഴികളിൽകൂടി അധഃകൃതർക്കു പോകുവാൻ വിരോധമുള്ളതായി ഗവമ്മെൻറിനറിയാമോ?

മിസ്റ്റർ പി. വി. റാഫേൽ.—ഗവമ്മെൻറിൽനിന്നു് അതിനെപ്പറ്റിയാതൊരു നിശ്ചയവും ചെയ്തിട്ടില്ല. അതുമാത്രമറിയാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ദേവസ്വം സ്ഥലങ്ങളിൽ അധഃകൃതർക്കു കാലെടുത്തുവയ്ക്കുവാൻ പാടില്ലെന്നു പ്രത്യേകിച്ചു് വല്ല നിയമവുമുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇപ്പോൾ നടപ്പിലിരിക്കുന്ന ചിട്ടകളനുസരിച്ചു് ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ പോകാറുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ—അറിഞ്ഞുകൂടാ.

മിസ്റ്റർ എം. കെ. രാമൻ.—നടക്കുവാൻ അനുവദിക്കുന്നില്ലെന്നു് പറഞ്ഞിരിക്കുന്നു. ആരാണു് അനുവദിക്കാത്തതു്?

Mr. P. V. Raphael.—The prevailing customs do not allow it.

മിസ്റ്റർ എം. കെ. രാമൻ.—ഇങ്ങിനെ നടക്കുവാൻപാടില്ലെന്നു വിരോധിക്കുന്നതു് ആളോ ആളുകളോ ആരാണു്?

മിസ്റ്റർ പി. വി. റാഫേൽ.—Customs അനുവദിക്കുന്നില്ലെന്നേയുള്ളു.

മിസ്റ്റർ എം. കെ. രാമൻ.—അതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ചോദിക്കുന്നതു് ഗവമ്മെൻറോ, ആളോ, ആളുകളോ ആരാണു്? എന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ.—വിശദമായി പറയാൻ സാധിക്കയില്ല. നോട്ടീസു വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈഴവർ നടക്കുന്ന പൊതുറോഡുകളിൽകൂടി പുലയരേയും നടക്കുവാൻ അനുവദിക്കുന്നില്ലേ?

മിസ്റ്റർ പി. വി. റാഫേൽ.—ചിലയിടത്തു നടന്നു കണ്ടിട്ടുണ്ട്. ചിലയിടത്തു നടക്കുന്നില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഈ ഭാഗത്തെവഴിനന്നാക്കുവാൻ പണം ചിലവാക്കുന്നതാരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—ദേവസ്വത്തിൽനിന്നു് ചെയ്കിട്ടുണ്ടോ എന്നനിശ്ചയമില്ല. പഞ്ചായത്തിൽനിന്നൊന്നും ചെയ്യുന്നില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ആ വഴി വെട്ടിച്ചിട്ടുള്ളതാരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—പഴയകാലം മുതൽക്കേയുള്ളതാണ്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി,—അവിടെ maintain ചെയ്യുന്നതു് ദേവസ്വക്കാരോ, പഞ്ചായത്തുകാരോ ആരാണ്?

മിസ്റ്റർ പി. വി. റാഫേൽ.—യാതൊരു maintenance-ും ഞങ്ങൾ ചെയ്യുന്നില്ല. ഏകദേശം നാ൦ നാഴികയോളം ദൂരമുള്ള ഒരു വഴിയാണതു്. പത്തുമുപ്പതു രൂപാമാത്രമെ അവിടെ ചിലവുചെയ്തിട്ടുള്ളുവെന്നാണു് അറിവു്.

മിസ്റ്റർ എം. കെ. രാമൻ.—ശവമ്മെൻറുദ്യോഗസ്ഥന്മാരിൽ വല്ലവർക്കും ആ വഴിയിൽകൂടി നടക്കുവാൻപാടില്ലെന്നു് തടഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—നോട്ടീസുവേണം.

മസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ സംഗതിയിൽ പറയുന്ന ഭാഗത്തിനു് നിയമം മൂലം എന്തെങ്കിലും രക്ഷകിട്ടണമെന്നു് ആവശ്യപ്പെട്ടാൽ ചെയ്തുകൊടുക്കുമോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇതുവരെ ആരും ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ വേണ്ടതുചെയ്യാം.

Punkah peons—Depressed Classes among.

256. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) ഫർണിച്ചർ-ൽ പങ്കാപായികളായി അകെ സ്റ്റേറ്റിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു്;

(ബി) അതിൽ അധഃകൃതർ എത്രയുണ്ടു്?

രാമവമ്മതമ്പുരാൻ.—(എ) ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിടത്തോളം ആരേയും നിയമിച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly